കോർപ്പറേഷനിൽനിന്നും ധനസഹായം ലഭിക്കുന്നതാണ്. 1986-87-ൽ കൂടുതൽ കോടതികളും ട്രൈബ്യൂണലുകളും ഏർപ്പെടുത്തും. ഹൈക്കോടതിയിലേയും മറ്റു കോടതികളിലേയും ജഡ്ജിമാർക്കുവേണ്ടിയുള്ള വേനങ്ങളുടെ നിർമ്മാണം ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതാണ്.

38. പരീക്ഷണാടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ കമ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ്, തെരുവു വിളക്കു കത്തിക്കൽ പോലുള്ള പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. ഇതിന് കേന്ദ്ര ഗവൺമെൻറിൻെറ കാര്യമായ ധനസഹായം പ്രതീക്ഷിക്കുന്നു. പഞ്ചായത്ത് ഫിനാൻസ് കമ്മീഷൻ, സമർപ്പിച്ച റിപ്പോർട്ട് ഗവൺമെൻറിൻെറ പരിഗണനയിലാണ്. കുടിവെള്ളത്തിന് വളരെയേറെ ക്ഷാമമുള്ള മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ കുഴൽ കിണറുകൾ നിർമ്മിക്കും. പഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിന് ഒരു കുഴൽക്കിണറിന് 25,000 രൂപ എന്ന കണക്കിന് ഗ്രാൻറ് നൽകുന്നതാണ്.

39. റവന്യൂ വില്ലേജുകളുടെ പുനഃസംഘടനയുടെ ഫലമായി 203 പുതിയ വില്ലേജുകൾകൂടി രൂപവത്ക്കരിച്ചു. പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ പെട്ടെന്നു തീരുമാനമെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. നാലു വില്ലേജുകളിൽ ഏർപ്പെടുത്തിയ പട്ടയം പാസ് ബുക്ക് സമ്പ്രദായം ഫലപ്രദമെന്നുകണ്ടാൽ മറ്റു വില്ലേജുകളിലേക്കും വ്യാപിപ്പിക്കും. പുനഃസർവ്വേ തീരുന്നമുറയ്ക്ക് വില്ലേജുകളിലും മറ്റുമുള്ള ഭൂരേഖകൾ നവീകരിക്കുന്നതാണ്. ഗവൺമെൻറിനേയും മറ്റു ഏജൻസികളുടേയും ആവശ്യത്തിനുവേണ്ടി ഭൂമി പൊന്നും വിലയ്ക്കെടുക്കുന്ന കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

40. കനത്ത മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം എന്നിവ കാരണം ജീവനും സ്വത്തിനും വളരെയേറെ നാശനഷ്ടങ്ങൾ സംഭവിച്ച ഒരു വർഷമാണ് 1985. ഇത്തരം സന്ദർഭങ്ങളിൽ അവസരത്തിനൊത്ത് ഭരണയന്ത്രം പ്രവർത്തിപ്പിക്കുകയും ജനങ്ങൾക്ക് ആശ്വാസമരുളുന്ന നിരവധി നടപടികൾ സത്വരമായി സ്വീകരിക്കുകയും ചെയ്തു. ദുരിതാശ്വാസത്തിനു കേന്ദ്രത്തിൽ നിന്നു ലഭിച്ച സഹായവും സംസ്ഥാനത്തിൻെറ വിഹിതവും ഉപയോഗിച്ച് വിപുലമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുകയുണ്ടായി.

41. എക്സൈസ് വകുപ്പിൻെറ എൻഫോഴ്സ്മെൻറ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. വ്യാജവാറ്, കേരളത്തിലേക്കുള്ള മദ്യത്തിൻെറ കള്ളക്കടത്ത് എന്നിവ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

പുതിയ പരിപാടികൾ

42. 1986-87-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചില പരിപാടികളെക്കുറിച്ച്, ഇനി ഞാൻ പ്രതിപാദിക്കട്ടെ.

വൈദ്യുതി സ്ലാബ് സമ്പ്രദായം പരിഷ്ക്കരിക്കുന്നു :

43. വൈദ്യുത്ഛക്തി ബോർഡ് ഏർപ്പെടുത്തിയ സ്ലാബ് സമ്പ്രദായത്തെപ്പറ്റി പരാതികൾ ഉയർന്നുവരികയുണ്ടായി. ഇവയിൽ പ്രധാനം ആറു മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കുമ്പോൾ ന്യായമായി ലഭിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ഇളവ് അനുവദിച്ചുകിട്ടുന്നില്ല എന്നതാണ്. ഇപ്പോഴത്തെ സ്ലാബ് സമ്പ്രദായം പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സ്ലാബ് നിരക്കിൽ പറഞ്ഞിട്ടുള്ളതിൽനിന്നും കുറഞ്ഞ അളവിൽ വൈദ്യുതി ഉപയോഗിക്കുകയും, എന്നാൽ അംഗീകൃത സ്ലാബിന്റെ അടിസ്ഥാനത്തിൽ നേരത്തെ കൂടുതൽ വൈദ്യുതി ചാർജ് ഒടുക്കുകയും ചെയ്തിട്ടുള്ള ഉപഭോക്താവിന് പിന്നീടുള്ള ബില്ലിൽ അധികത്തുക വകവച്ചു കൊടുക്കുന്നതാണ്. ഒരു വൈദ്യുതി ഉപഭോക്താവിന്. ഇപ്പോഴത്തെ സമ്പ്രദായത്തിൽ താണ നിരക്കിലുള്ള സ്ലാബിലേക്ക് മാറുന്നതിന് 12 മാസത്തോളം കാത്തിരിക്കണം എന്നുള്ളതാണ് മറെറാരു പരാതി. ഈ പ്രയാസം പരിഹരിക്കുന്നതിന്, ഉപഭോക്താവിൽനിന്ന് ഒരു ചെറിയ ഫീസ് ഈടാക്കിക്കൊണ്ട്, എപ്പോൾ വേണമെങ്കിലും സ്ലാബ് മാറുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തുന്നതായിരിക്കും. ഈ മാറ്റങ്ങൾ 1-4-1986 മുതൽ നടപ്പിൽ വരുന്നതാണ്.

കാർഷിക-വ്യാവസായിക കണക്ഷനുകൾക്ക് ആനുകൂല്യം :

44. കാർഷിക-വ്യാവസായിക ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വൈദ്യുതി എത്തിച്ചുകൊടുക്കുക രാജ്യത്തിന്റെ വികസന പ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ്. വെള്ളം പമ്പുചെയ്ത് കൃഷിക്കുപയോഗിക്കുവാൻ കഴിഞ്ഞാൽ അതുവഴി ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കും. അതിലേക്ക് സ്ഥാപിക്കുന്ന പമ്പുസെറ്റിന് മിനിമം ഗാരന്റി ഒഴിവാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുക എന്നത് കർഷകർ ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ്. അതിനാൽ കാർഷികാവശ്യത്തിനുവേണ്ടി നൽകുന്ന 10,000 രൂപയിൽ കൂടുതൽ ചെലവുവരാത്ത കാർഷിക കണക്ഷനുകളെ 1986 ഏപ്രിൽ ഒന്നാം തീയതി മുതൽ മിനിമം ഗ്യാരണ്ടിയിൽനിന്ന് ഒഴിവാക്കുന്നതാണ്. ഇപ്പോൾ 5,000 രൂപയിൽ കൂടുതൽ ചെലവുവരുന്ന വ്യവസായ കണക്ഷൻ നൽകുന്നതിന് വൈദ്യുതി ബോർഡ് കോൺട്രിബ്യൂഷൻ ഈടാക്കിവരുന്നുണ്ട്. ഇതു ചെറുകിട വ്യവസായ സംരംഭകർക്ക് ഒരു ഭാരമാണെന്ന പരാതി വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. കോൺട്രിബ്യൂഷനുപകരം മിനിമം ഗാരണ്ടി വാങ്ങി കണക്ഷൻ നൽകണമെന്നുള്ളതാണ് അവരുടെ ആവശ്യം. ഗവൺമെന്റ് ഈ ആവശ്യം അംഗീകരിക്കുന്നു. 1986 ഏപ്രിൽ ഒന്നാം തീയതി മുതൽ വ്യവസായ കണക്ഷന് ഈടാക്കിവരുന്ന കോൺട്രിബ്യൂഷൻ സമ്പ്രദായം ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം നിർത്തൽ ചെയ്യുകയും, അതിനുപകരം മിനിമം ഗാരണ്ടി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കും ധനസഹായം വർദ്ധിപ്പിക്കുന്നു :

45. കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കും പ്രതിമാസം 50 രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. ഇതു തികച്ചും അപര്യാപ്തമാകയാൽ ഒരു മാനുഷിക പ്രശ്നമെന്ന നിലയ്ക്ക് പ്രസ്തുത നിരക്ക് 100 രൂപയാക്കി ഉയർത്തുന്നതാണ്. ഇതിലേക്ക് 10 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

മാനസികരോഗത്തിൽനിന്നും മറ്റും വിമുക്തി നേടിയവരുടെ പുനരധിവാസം :

46. സംസ്ഥാനത്തെ മാനസികരോഗാശുപത്രികളിലും കുഷ്ഠരോഗാശുപത്രികളിലും ചികിൽസ കഴിഞ്ഞു പുറത്തുവരുന്നവരിൽ നല്ലൊരു വിഭാഗത്തെ

LIBRARY ARCHIVES Kerala Legislative Assembly